# എം. ടി. എൽ. പി. എസ്. ഇരിങ്ങോൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

ഉള്ളടക്കം


ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ലഘു ചരിത്രം

വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

നിലവിലെ അവസ്ഥ വിശകലനം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ

പ്രതീക്ഷിത നേട്ടങ്ങൾ

മോണിറ്ററിംഗ്

ഉപസംഹാരം

## ആമുഖം

എറണാകുളം ജില്ലയിൽ രായമംഗലം പഞ്ചായത്തിലെ പതിനേഴാം വാർഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. പ്രകൃതി സൗന്ദര്യം കൊണ്ട് കീർത്തികേട്ട ഇരിങ്ങോൾ കാവിൽ നിന്നും രണ്ട് കിലോമീറ്റർ അകലെയാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.ധാരാളം പ്ലൈവുഡ് കമ്പനികളും അന്യസംസ്ഥാന തൊഴിലാളികളും ഉള്ള ഉയർന്ന ഒരു പ്രദേശം ആണിത്. പീച്ചിനാംമുകൾ സ്കൂൾ എന്നും ഈ സ്കൂളിനെ അറിയപ്പെടുന്നു.

## വിദ്യാലയത്തിന്റെ ചരിത്രം

1918 ൽ മാർത്തോമ്മാമിഷനറിമാർ സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിച്ച സ്ഥാപനമാണിത്. 2018 ൽ ശതാബ്ദി ആഘോഷം ഭംഗിയായി നടത്തി. വിദ്യാഭ്യാസ പ്രവർത്തനം സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമായി കരുതിയിരുന്ന അക്കാലത്ത് പിന്നോക്കവും വിദൂരസ്ഥവും ആയിരുന്ന ഈ ഗ്രാമപ്രദേശത്ത് ഒരു സ്കൂൾ സ്ഥാപിക്കപ്പെട്ടത് തീർച്ചയായും ഇവിടത്തെ ജനസമൂഹത്തിന്റെ വികസനവും

വളർച്ചയും ലക്ഷ്യമാക്കി തന്നെയായിരുന്നു.
നിസ്വാർത്ഥരും സന്നദ്ധ പ്രവർത്തകരും
ആയിരുന്ന മിഷനറിമാർ നാട്ടുകാരുടെ
സഹായത്തോടും സഹകരണങ്ങളോടും കൂടിയാണ്
ഈ സ്ഥാപനം ആരംഭിച്ചത്.

സമഗ്രവിദ്യാലയ വികസന രേഖ **2025-26**

അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് :എം ടി എൽ പി സ്കൂൾ

ഇരിങ്ങോൾ

വിലാസം: ഇരിങ്ങോൾ po, പെരുമ്പാവൂർ 683548

മാനേജ്മെൻറ്: മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെൻറ്
തിരുവല്ല

സ്കൂൾ കോഡ്: 27240

വിദ്യാഭ്യാസ ഉപജില്ല: പെരുമ്പാവൂർ

വിദ്യാഭ്യാസ ജില്ല :കോതമംഗലം

റവന്യൂ ജില്ല :എറണാകുളം

ബി ആർ സി: കൂവപ്പടി

സി ആർ സി :ഗവൺമെൻറ് യുപിഎസ് കീഴില്ലം

ഗ്രാമപഞ്ചായത്ത് :രായമംഗലം

ബ്ലോക്ക് പഞ്ചായത്ത് :കൂവപ്പടി

ജില്ലാ പഞ്ചായത്ത് :എറണാകുളം

നിയമസഭാ മണ്ഡലം: പെരുമ്പാവൂർ

ലോകസഭാ മണ്ഡലം: ചാലക്കുടി

താലൂക്ക്: കുന്നത്തുനാട് വില്ലേജ്: പെരുമ്പാവൂർ

email:mtlpschooliringole@gmail.com

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

### അക്കാദമികം

ഭാഷാശേഷി വികസനം

ഗണിത ശേഷി വികസനം

ഇംഗ്ലീഷ് പഠന പരിപോഷണം

ജന്മദിനത്തിന് ഒരു പുസ്തകം

പഠനയാത്രകൾ

കലാകായികമേള

ഐടി പരിശീലനം

CPTA സജ്ജമാക്കൽ

പ്രവർത്തിപരിചയ പഠനം

ഒന്നാം ക്ലാസ് ഒന്നാന്തരം

ദിനാചരണങ്ങൾ

ഭൗതികം

ചുറ്റുമതിൽ

ലൈബ്രറി

എൻറെ വീട്ടിലും ഒരു കൃഷിത്തോട്ടം

സാമൂഹികം

CPTA മാതൃകാപരമാക്കാനുള്ള നടപടി

സാമൂഹ്യ പ്രവർത്തകരുടെയും സംഘടനയുടെയും സേവനം പ്രയോജനപ്പെടുത്തൽ

ഭവന സന്ദർശനം.

അക്കാദമികം

പാഠ്യപാഠ്യേതര വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകിവരുന്നു. അന്യ സംസ്ഥാനക്കാരായ കുട്ടികൾക്ക് ഹിന്ദി, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ എഴുതുവാനും വായിക്കുവാനും പ്രത്യേക പരിശീലനം നൽകി വരുന്നു. ആഴ്ചയിൽ തിങ്കൾ വ്യാഴം ദിവസങ്ങളിൽ അസംബ്ലി നടത്തുന്നു.

നാട്ടുകാർ അഭ്യുദയകാംക്ഷികൾ എന്നിവരിൽ നിന്നും ലൈബ്രറിയിലേക്ക് പുസ്തക ശേഖരണം നടത്തി. വായന പരിപോഷണത്തിന് ധാരാളം പുസ്തകങ്ങൾ സംഭാവനയായി ലഭിച്ചു. വായനാദിനം ഉൾപ്പെടെയുള്ള എല്ലാ ദിനാചരണങ്ങളും അതിൻറെ പ്രാധാന്യം

ഉൾക്കൊണ്ടുകൊണ്ട് നടത്തി വരുന്നു. സ്കൂൾ തലത്തിൽ ക്വിസ് മത്സരങ്ങൾ ചിത്രരചന മത്സരങ്ങൾ കടങ്കഥ വായന മത്സരം എന്നിവ നടത്തിവരുന്നു.

## ഭൗതികം

ആവശ്യമായ ക്ലാസ് മുറികൾ ഉണ്ടെങ്കിലും ആധുനിക രീതിയിൽ പണിയാൻ കഴിഞ്ഞിട്ടില്ല. ലൈബ്രറി പുസ്തകങ്ങൾ ക്രമീകരിച്ചു വയ്ക്കാൻ സൗകര്യം കുറവാണ്.പ്രിന്റർ, ടിവി എന്നിവയുടെ അഭാവം ഉണ്ട്. സ്കൂൾ കോമ്പൗണ്ട്, ആധുനികവൽക്കരിച്ച മൂത്രപ്പുര, ടോയ്‌ലറ്റ്, സ്മാർട്ട് ക്ലാസ്സ് എന്നിവയും സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടാൻ ഉണ്ട് .

ആകർഷകമായ ഒരു പൂന്തോട്ടം പച്ചക്കറിത്തോട്ടം ജൈവവൈവിധ്യ പാർക്ക് വാഹന സൗകര്യം തുടങ്ങിയ എല്ലാ ഭൗതിക സൗകര്യങ്ങളുമുണ്ടെങ്കിൽ ഈ വിദ്യാലയത്തെ മികച്ച ഒരു വിദ്യാലയമാക്കി മാറ്റാം എന്ന കാര്യത്തിൽ സംശയമില്ല.

## പ്രവർത്തനങ്ങൾ

### പ്രവർത്തനം 1

പേര് :വായന

മേഖല :ഭാഷ ശേഷി വികസനം

ലക്ഷ്യം: മുഴുവൻ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവർ ആക്കുന്നു .

വായനയിൽ മികവ് പുലർത്തുന്നവരെ അംഗീകരിക്കുന്നു, ആദരിക്കുന്നു .

ആശയപ്രകടനത്തിന് അവസരം നൽകുന്നു.

## പ്രവർത്തനം

വിവിധ വായന സാമഗ്രികൾ പുനക്രമീകരിക്കുന്നു.

സ്വതന്ത്ര വായനയ്ക്ക് സഹായകരമാകുന്ന സംവിധാനം ഉറപ്പുവരുത്തുന്നു.

വായനയ്ക്കും എഴുത്തിനും ശ്രദ്ധ, മലയാളത്തിളക്കം എന്നിവ പ്രയോജനപ്പെടുത്തുന്നു.

കാലം: 6 മാസം

ചുമതല: അധ്യാപകർ

പ്രവർത്തനം:2

പേര്: ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല ഉപമേഖല: അക്കാദമികം ഗണിതം

ലക്ഷ്യം: ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ

പ്രവർത്തനം: ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്

കാലം: ആവശ്യാനുസരണം

ചുമതല: എസ് ആർ ജി

പ്രവർത്തനം 3

പേര്: ഗണിത പാർക്ക്

മേഖല ഉപമേഖല :അക്കാദമികം ഗണിതം രസകരമാക്കൽ

ലക്ഷ്യം :ഗണിതം മധുരം ആക്കൽ

പ്രവർത്തനം: ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ

കാലം: വർഷത്തിൽ ഒന്ന്

ചുമതല: ഗണിത ക്ലബ്ബ്

പ്രവർത്തനം 4

പേര്: ഇംഗ്ലീഷ് അസംബ്ലി

മേഖലാ ഉപമേഖല: അക്കാദമികം ഇംഗ്ലീഷ് ഭാഷാ പഠനം

ലക്ഷ്യം എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസനം

പ്രവർത്തനം: ആഴ്ചയിൽ രണ്ടുദിവസം വിവിധ ക്ലാസുകളിലെ കുട്ടികൾ തന്നെ ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു

കാലം: ആഴ്ചയിൽ രണ്ടുദിവസം

ചുമതല: അധ്യാപകർ

പ്രവർത്തനം 5

പേര്: ഇംഗ്ലീഷ് ഡയറി

മേഖല ഉപമേഖല: അക്കാദമികം ഇംഗ്ലീഷ് ഭാഷാ വികസനം

ലക്ഷ്യം തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി

പ്രവർത്തനം: ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതുക

കാലം: ദിവസേന

ചുമതല: ഇംഗ്ലീഷ് അധ്യാപകർ

പ്രവർത്തനം 6

പേര്: ഇംഗ്ലീഷ് കോർണർ

മേഖല ഉപമേഖല :അക്കാദമികം

ലക്ഷ്യം: ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ

പ്രവർത്തനം: ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം.

കാലം: പ്രതിമാസം

ചുമതല: ഇംഗ്ലീഷ് ക്ലബ്ബ്

പ്രവർത്തനം 7

പേര്: പഠനയാത്രകൾ

മേഖല ഉപമേഖല :അക്കാദമികം

ലക്ഷ്യം: പ്രത്യക്ഷ അനുഭവത്തിലൂടെ അറിവ് നേടുന്നു

പ്രവർത്തനം: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്ര

കാലം :സന്ദർശനം

ചുമതല: പിടിഎ ,എസ് ആർ ജി

പ്രവർത്തനം 8

പേര്:കായിക പരിശീലനം

മേഖലാ ഉപമേഖല :കായിക വിദ്യാഭ്യാസം

ലക്ഷ്യം: കായിക പരിശീലനം കാര്യക്ഷമമാക്കുക

പ്രവർത്തനം: വൈകുന്നേരം കായിക പരിശീലനം നൽകുന്നു

കാലം :ആഴ്ചയിൽ രണ്ടുദിവസം

ചുമതല:അധ്യാപകർ

പ്രവർത്തനം 9

പേര്: ഐടി പരിശീലനം

മേഖല ഉപമേഖല: അക്കാദമികം ബോധനം ആക്കുക

ലക്ഷ്യം: പഠനം ആസ്വാദകരമാക്കുന്നതിനും ആശയങ്ങളും ധാരണകളും അനായാസം നേടുന്നതിനും ബോധനം ആക്കുന്നതിനും

പ്രവർത്തനം:IT ഉപയോഗം

കാലം: പാഠഭാഗത്തിന് അനുസരിച്ച് ഒരു വർഷം

ചുമതല : അധ്യാപകർ

പ്രവർത്തനം 10

പേര്: ക്ലാസ് പിടിഎ

മേഖല: അക്കാദമികം രക്ഷാകർത്തൃബന്ധം

ലക്ഷ്യം: പഠനം കൂടുതൽ മെച്ചപ്പെടുത്തൽ

പ്രവർത്തനം: സി പി ടി എ

പ്രതിമാസം ചേരുക, പഠന പുരോഗതി വിലയിരുത്തൽ മികവുകളുടെ അവതരണം.

കാലം :രണ്ടുമാസത്തിലൊരിക്കൽ

ചുമതല:PTA,Trs

പ്രവർത്തനം 11

പേര് പ്രവൃത്തിപരിചയം

മേഖല ഉപമേഖല: അക്കാദമികം നിർമ്മാണ പ്രവർത്തനം

ലക്ഷ്യം: പഠന വസ്തുക്കൾ, കൗതുക വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ നിർമ്മാണം.

പ്രവർത്തനം: ഒഴിവുസമയങ്ങളിൽ ഇവയുടെ പരിശീലനം

കാലം: ഒഴിവുസമയം

ചുമതല :എസ് ആർ ജി ,പി ടി എ

പ്രവർത്തനം 12

പേര്: ദിനാചരണം

മേഖല ഉപമേഖല അക്കാദമികം സമഗ്രവികസനം

ലക്ഷ്യം: സാമാന്യ ജ്ഞാനം വർദ്ധിപ്പിക്കുക

പ്രവർത്തനം: ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

കാലം: വർഷം മുഴുവൻ

ചുമതല: അധ്യാപകർ

പ്രവർത്തനം 13

പേര് :ചുറ്റുമതിൽ

മേഖല ഉപമേഖല ഭൗതികം

ലക്ഷ്യം: സ്കൂൾ സംരക്ഷണം

പ്രവർത്തനം: ചുറ്റുമതിൽ കെട്ടിടം ആകർഷകമാക്കൽ.

കാലം: 1 വർഷം

ചുമതല: മാനേജ്മെന്റ്,അഭ്യുദയകാംക്ഷികൾ

പ്രവർത്തനം 14

പേര്: ലൈബ്രറി

മേഖല :ഭൗതികം,അക്കാദമികം

ലക്ഷ്യം: വായന പരിപോഷണം

പ്രവർത്തനം: വായന മുറി ഒരിക്കൽ

കാലം; ഒരു വർഷം

ചുമതല: പിടിഎ

പ്രവർത്തനം 15

പേര്: ഭവന സന്ദർശനം

മേഖല ഉപ മേഖല :സാമൂഹികം

ലക്ഷ്യം: സമൂഹ പങ്കാളിത്തം

പ്രവർത്തനം കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുക

കാലം വർഷത്തിലൊരിക്കൽ

ചുമതല എസ് ആർ ജി

2025- 26 സമഗ്ര ഗുണമേന്മ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1: കുട്ടി ഒരു നല്ല വായനക്കാരൻ ആവുക

2: എഴുതാൻ താല്പര്യം ജനിപ്പിക്കുക

3: ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുക

4: ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക

1: കുട്ടി ഒരു നല്ല വായനക്കാരൻ ആവുക

അതാത് ക്ലാസുകളിൽ കുട്ടികൾ നേടേണ്ട ഭാഷാശേഷികൾ നേടാൻ ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. രണ്ട് മൂന്ന് നാല് ക്ലാസുകളിൽ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അവർ പിന്നോക്കം നിൽക്കുന്ന ശേഷികൾ കണ്ടെത്തി വ്യക്തിഗത ശ്രദ്ധ നൽകുന്നു. അതിനായി സ്കൂൾ ടൈമിന് മുമ്പും ശേഷവും പ്രത്യേക സമയം കണ്ടെത്തുന്നു. അവരെ നിരന്തരം നിരീക്ഷിക്കുന്നു.

2:എഴുതാൻ താൽപര്യം ജനിപ്പിക്കുന്നു

എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. മികവുപുലർത്തുന്നവർക്ക് കൂടുതൽ എഴുതാൻ അവസരം നൽകുന്നു. അവരുടെ രചനകൾ പതിപ്പാക്കുന്നു.

3 ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുന്നു അതാത് ക്ലാസുകളിൽ കുട്ടികൾ നേടേണ്ട ചതുഷ്ക്രിയകൾ അവർ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. അതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകുന്നു.

4: ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക ശാസ്ത്രത്തിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്നതിന് വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്ക് ശേഷമുള്ള സമയത്ത് കുട്ടികൾ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയാണ് വിദ്യാഭ്യാസം.i അതിന് കുട്ടികൾ അതാതു ക്ലാസ്സുകളിൽ അവർ നേടേണ്ട ശേഷികൾ പൂർണമായും നേടിയെടുത്തു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഈ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ നമ്മുടെ വിദ്യാലയം 2025 26 അധ്യായന വർഷം സമഗ്ര ഗുണമേന്മ വർഷമായി മാറും എന്ന് പ്രതീക്ഷിക്കുന്നു.

S